**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5553** **13-08-2021 - ൽ മറുപടിയ്ക്ക്**

**തുണ്ടം-മലയാറ്റൂർ വനപാത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | **Shri. A. K. Saseendran**<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം മണ്ഡലത്തിൽ മലയാറ്റൂർ ഡിവിഷന്റെ കീഴിൽ തുണ്ടം റേയ്ഞ്ചിലെ തുണ്ടം-മലയാറ്റൂർ വനപാത അടച്ചിട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | മലയാറ്റൂർ ഡിവിഷനിലെ വനമേഖലകളിൽ കൂടി കടന്നുപോകുന്ന തുണ്ടം-മലയാറ്റൂർ വനപാത പൊതുജന സഞ്ചാരത്തിനായി തുറന്നു നല്കിയിട്ടില്ല. ഈ പാത കടന്നുപോകുന്ന പ്രദേശങ്ങൾ കാട്ടാനകളുടെയും മറ്റ് വന്യമൃഗങ്ങളുടെയും സാന്നിധ്യം ഏറ്റവും കൂടുതലായി കാണപ്പെടുന്ന പ്രദേശങ്ങളാണ്. മനുഷ്യ-വന്യജീവി സംഘർഷം വഴി വിലപ്പെട്ട മനുഷ്യജീവൻ നഷ്ടപെടാനുളള സാദ്ധ്യത മുൻനിർത്തിയാണ് ടി പാതയിലൂടെ പൊതുജനങ്ങൾക്ക് സഞ്ചാരത്തിന് അനുമതി നൽകാത്തത്. |
| (ബി) | പ്രസ്തുത വനപാത മലയാറ്റൂർ തീർത്ഥാടന കാലങ്ങളിൽ തീർത്ഥാടകർക്കായി തുറന്ന് കൊടുക്കാറുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | മുൻകാലങ്ങളിൽ പ്രസ്തുത വനപാത മലയാറ്റൂർ തീർത്ഥാടന കാലത്ത് തീർത്ഥാടകർക്കായി തുറന്ന് നല്കിയിരുന്നു. എന്നാൽ കഴിഞ്ഞ രണ്ടു വർഷക്കാലമായി, മനുഷ്യ-വന്യജീവി സംഘർഷം വർദ്ധിച്ചു വരുന്നതിനാൽ ടി പാത തുറന്നു നൽകുന്നത് അഭിലഷണിയമല്ല. |
| (സി) | തുണ്ടം-കരിമ്പാനി-കാടപ്പാറ-മലയാറ്റൂർ വനപാത പകൽ സമയം മാത്രം ഒരു നിശ്ചിത സമയത്തേക്ക് തുറന്ന് കൊടുക്കുന്നതിലൂടെ തീർത്ഥാടകരേയും വിനോദസഞ്ചാരികളെയും ആകർഷിക്കുവാൻ കഴിയും എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | നിബിഡ വനമേഖലയിൽ കൂടി കടന്നുപോകുന്ന പ്രസ്തുത വനപാത കാട്ടാനയുൾപ്പെടെയുളള വന്യജീവികളുടെ സജീവ സാന്നിധ്യമുളള പ്രദേശമാണ്. മലയാറ്റൂർ റിസർവ്വിൽ നിന്നും മൃഗങ്ങൾ പുഴയിലേയ്ക്ക് വെള്ളം കുടിക്കുവാൻ സ്ഥിരമായി പോകുന്ന വഴിയിലാണ് ഈ റോഡ് ഉളളത്. ആയത് പകൽ സമയത്താണെങ്കിൽ കൂടി പൊതുജനങ്ങൾക്കായി തുറന്നകൊടുക്കുന്നത് മനുഷ്യ-വന്യജീവി സംഘർഷം വർദ്ധിപ്പിക്കുന്നതിനും, മനുഷ്യജീവൻ നഷ്ടമാകുന്നതിനും കാരണമായിത്തീരും കഴിഞ്ഞ വർഷങ്ങളിൽ വനപാലകരുടെ പട്രോളിംഗ് വാഹനങ്ങൾക്ക് വരെ കാട്ടാനകളുടെയും മറ്റു വന്യജീവികളുടെയും ആക്രമണം നേരിടേണ്ടി വന്നിട്ടുണ്ട്. ആയതിനാൽ വന്യജീവികളുടേയും മനുഷ്യരുടേയും ജീവനും |

| | | | |
|---|---|---|---|
| | | | സ്വത്തിന്റെയും സുരക്ഷിതത്വം പരിഗണിച്ച് ടി റോഡ് തുറന്നു നൽകാൻ കഴിയില്ല. |
| (ഡി) | എങ്കിൽ ഇങ്ങനെ തുറന്നുകൊടുക്കുന്നത് പരിഗണിക്കുമോ; വിശദമാക്കാമോ? | (ഡി) | നിബിഡ വനമേഖലയിൽ കൂടി കടന്നുപോകുന്ന പ്രസ്തുത വനപാത കാട്ടാനയുൾപ്പെടെയുള്ള വന്യജീവികളുടെ സജീവ സാന്നിധ്യമുള്ള പ്രദേശമാണ്. മലയാറ്റൂർ റിസർവ്വിൽ നിന്നും മൃഗങ്ങൾ പുഴയിലേയ്ക്ക് വെള്ളം കുടിക്കുവാൻ സ്ഥിരമായി പോകുന്ന വഴിയിലാണ് ഈ റോഡ് ഉള്ളത്. ആയത് പകൽ സമയത്താണെങ്കിൽ കൂടി പൊതുജനങ്ങൾക്കായി തുറന്നകൊടുക്കുന്നത് മനുഷ്യ-വന്യജീവി സംഘർഷം വർദ്ധിപ്പിക്കുന്നതിനും, മനുഷ്യജീവൻ നഷ്ടമാകുന്നതിനും കാരണമായിത്തീരും കഴിഞ്ഞ വർഷങ്ങളിൽ വനപാലകരുടെ പട്രോളിംഗ് വാഹനങ്ങൾക്ക് വരെ കാട്ടാനകളുടെയും മറ്റ് വന്യജീവികളുടെയും ആക്രമണം നേരിടേണ്ടി വന്നിട്ടുണ്ട്. ആയതിനാൽ വന്യജീവികളുടേയും മനുഷ്യരുടേയും ജീവനും സ്വത്തിന്റെയും സുരക്ഷിതത്വം പരിഗണിച്ച് ടി റോഡ് തുറന്നു നൽകാൻ കഴിയില്ല. |

സെക്ഷൻ ഓഫീസർ